# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2439 — 05/02/2018-ൽ മറുപടിക്ക്

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം<br><br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാമാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ലാഡ്രം (3.5 MW/12.13MU) ചെറുകിട ജല വൈദ്യുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ മുടങ്ങിക്കിടന്ന ചാത്തൻകോട്ടുനട (6 MW)-ന്റെ ചെറുകിട പദ്ധതി പുനരാരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനു പുറമേ 2 മെഗാവാട്ടിന്റെ അപ്പർ കല്ലാർ പദ്ധതി, 7.5 മെഗാവാട്ടിന്റെ പഴശ്ശിസാഗർ ചെറുകിട ജല വൈദ്യുത പദ്ധതി എന്നിവയുടെ നിർമ്മാണ അനുമതിയും നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതി നൽകിയ 20 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിവരം അനുബന്ധം 1- ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഈ രംഗത്ത് എത്ര സ്വകാര്യ സംരംഭകർക്ക് ഈ സർക്കാർ അനുമതി നൽകി എന്നറിയിക്കാമോ; | (ബി) | 12 സ്വകാര്യ സംരംഭകർക്ക് അനുമതി നൽകി. |
| (സി) | ചെറുകിട ജല വൈദ്യുത പദ്ധതികൾ പുതുതായി കണ്ടെത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; | (സി) | എനർജി മാനേജ്മെന്റ് സെന്ററും, കെ.എസ്.ഇ.ബി യും ചെറുകിട ജല വൈദ്യുത പദ്ധതി വികസനത്തിനായി പ്രവർത്തിക്കുന്നുണ്ട്. ചെറുകിട ജല വൈദ്യുത പദ്ധതി നയപ്രകാരം സ്വകാര്യ മേഖലയിൽ പദ്ധതികൾ അനുവദിക്കുന്നുണ്ട്. ഇതു കൂടാതെ സ്വന്തം ഭൂമിയിൽ കണ്ടെത്തുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിക്കുന്നതിനും ദർഘാ- |

(--2)

| | | | |
|---|---|---|---|
| | | | സിലൂടെ അല്ലാതെ അനുമതി നൽകുന്നതിനും നയത്തിൽ വ്യവസ്ഥ യുണ്ട്. ഇവയിൽ ഒന്നുംപെടാത്തതും ചെറുകിട ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് സാദ്ധ്യതയുമുള്ള പദ്ധതികൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവരുടെ ആവശ്യ പ്രകാരം അനുമതി നൽകുന്നതിന് സർക്കാരിനും സാധിക്കുന്നതാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുതിയ ജല വൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിന് സ്വന്തമായ നില യ്ക്കാണ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നത്. |
| (ഡി) | കെ.സ്.ഇ.ബി യ്ക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത എത്ര ചെറുകിട പദ്ധതികൾ ഉണ്ട് എന്നറിയിക്കാമോ? | (ഡി) | മനുഷ്യവിഭവമടക്കം ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി മുൻഗണന നിശ്ചയിച്ചാണ് കെ.എസ്.ഇ.ബി.എൽ പദ്ധതികൾ ഏറ്റെടുക്കുന്നത്. പ്രാഥമിക പരിശോധന നടത്തി പട്ടികപ്പെടുത്തിയ 41 ചെറുകിട പദ്ധതികൾ കെ.എസ്.ഇ.ബി.എൽ ഏറ്റെടുത്തു നടത്താൻ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതിൽ ഉൾപ്പെടാതെയുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

## പദ്ധതികളുടെ ലിസ്റ്റ്

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല | സ്ഥാപിതശേഷി (MW) |
|---|---|---|---|
| 1 | ആറ്റ് ലെ I | പാലക്കാട് | 6.00 |
| 2 | ആറ്റ് ലെ II | പാലക്കാട് | 6.00 |
| 3 | ബാലൻതോട് | ഇടുക്കി/എറണാകുളം | 0.25 |
| 4 | ചെറുപുഴ മിനി HEP | മലപ്പുറം | 0.6 |
| 5 | ഇടത്തനാൽകുത്ത് | ഇടുക്കി/എറണാകുളം | 0.5 |
| 6 | ഫർലോങ്കര | കണ്ണൂർ | 0.35 |
| 7 | കക്കടാംപോയിൽ II | കോഴിക്കോട് | 11.00 |
| 8 | കങ്ങപ്പുഴ | ഇടുക്കി | 0.75 |
| 9 | കാഞ്ഞിരപ്പുഴ | പാലക്കാട് | 1.00 |
| 10 | കിള്ളിക്കല്ല് | കോഴിക്കോട് | 3.00 |
| 11 | കളിരാമുട്ടി | കോഴിക്കോട് | 3.00 |
| 12 | മന്തൻപോറ്റി | പാലക്കാട് | 3.00 |
| 13 | മുള്ളരിങ്കാട് | ഇടുക്കി?എറണാകുളം | 0.15 |
| 14 | ഓണിപ്പുഴ | കോഴിക്കോട് | 1.5 |
| 15 | പഴക്കക്കാനം | കോട്ടയം/ഇടുക്കി | 2.00 |
| 16 | പേരുവ | കണ്ണൂർ | 2.00 |
| 17 | പൊത്തൻതോട് – I | കണ്ണൂർ | 0.8 |
| 18 | തിപ്പ്ളിക്കയം | പാലക്കാട് | 1.5 |
| 19 | ഉറുട്ടിപ്പുഴ | കണ്ണൂർ | 1.00 |
| 20 | വാലൻതോട് – II | മലപ്പുറം | 3.00 |

സെക്ഷൻ ഓഫീസർ